II ഇ.ബി. XIII- കേരള നിയമസഭ/XV-8

# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ഡിസംബർ 14, തിങ്കൾ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ മുഖ്യമന്ത്രിയും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയും രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശമനുസരിച്ച് നിശബ്ദരാകുകയും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

18 (*211) സർക്കാർ ആശുപത്രികളും മരുന്നു വിതരണവും

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ

പാവപ്പെട്ടവർക്ക് സൗജന്യ ചികിത്സയും മരുന്നും ലഭ്യമാക്കിക്കൊണ്ട് ആരോഗ്യ പരിപാലനരംഗത്ത് ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ സാധിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കാൻസർ രോഗചികിത്സയ്ക്കാവശ്യമുള്ളതുൾപ്പെടെ 585 ഇനം മരുന്നുകളിൽ വിതരണക്കാരെ ലഭിക്കാത്ത 67 ഇനം മരുന്നുകൾ ഒഴികെയുള്ളവ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിതരണം ചെയ്തുവരുന്നു. ഇ-ടെണ്ടറിംഗ് സംവിധാനത്തിലൂടെ മരുന്നുവാങ്ങൽ പ്രക്രിയ സുതാര്യമാക്കിയിട്ടുണ്ടെന്നും എൻ.എ.ബി.എൽ. അക്രെഡിറ്റേഷനുള്ള ലാബുകളിലെ പരിശോധന കർശനമാക്കിയും റാൻഡം ചെക്കിംഗ് നടത്തിയും മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ടെന്നും ഗുണമേന്മയില്ലാത്ത 40 മരുന്നുകളും 7 കമ്പനികളേയും നിരോധിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. മരുന്നിന് ദൗർലഭ്യമുണ്ടായാൽ ലോക്കൽ പർച്ചേസ് നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നടപ്പുവർഷം 223.8 കോടി രൂപയുടെ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും സംസ്ഥാന ആരോഗ്യ/ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ കീഴ്ഘടക സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിനും കരുതൽ സ്റ്റോക്ക് ജില്ലാതല മരുന്നു സംഭരണശാലകളിൽ സൂക്ഷിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ട്. പേവിഷബാധ പ്രതിരോധ മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്യുന്നതിനായി 2015-16-ൽ വകയിരുത്തിയ 7.25 കോടി രൂപയും സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രത്യേകാനുമതിയോടെയുള്ള 2 കോടി

രൂപയും ക്യാബിനറ്റ് അനുവദിച്ച 3 കോടി രൂപയും ഉൾപ്പെടെ 12.25 കോടി രൂപ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെല്ലാം പേവിഷബാധ പ്രതിരോധ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സൂക്ഷ്മ നിരീക്ഷണ സംവിധാനമുള്ള ആശുപത്രികളിലാണ് റാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ നൽകുന്നതെന്നും കേസുകളുടെ ആധിക്യം പരിഗണിച്ച് വാർഷിക ഇന്റന്റ് സമർപ്പിച്ചിട്ടില്ലാത്ത 27 താലൂക്കുതല ആശുപത്രികളിൽക്കൂടി ആന്റി റാബീസ് സിറം മരുന്ന് ലഭ്യമാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. മൃഗങ്ങളുടെ കടിയേറ്റാൽ 24 മണിക്കൂറിനകം പ്രതിരോധ കുത്തിവയ്പെടുക്കണമെന്ന സന്ദേശം പൊതുജനങ്ങളിലെത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം ലഭിച്ച 158 കോടി രൂപ മരുന്നു കമ്പനികൾക്ക് നൽകിയിട്ടുണ്ട്; ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ബാക്കിയുള്ള 123 കോടി രൂപ നൽകുന്നതാണ്. നടപ്പു വർഷം കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിലൂടെ 28 ഇനം മരുന്നുകൾ 19.44 കോടി രൂപയ്ക്ക് സംഭരിക്കുന്നതിന് ഉത്തരവിട്ടതിനെത്തുടർന്ന് 14.8 കോടി രൂപയുടെ മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും 12 കോടി രൂപ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി വിലയായി നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

'സുകൃതം', 'ആരോഗ്യകിരണം' പദ്ധതികളിലൂടെ സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ടെന്നും കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ ഒന്നേകാൽ കോടിയോളം പേർക്ക് ധനസഹായം നൽകാൻ സാധിച്ചിട്ടുണ്ടെന്നും പേരൂർക്കടയിലെ ഗവൺമെന്റ് മോഡൽ ആശുപത്രിയിൽ അടുത്ത മാസം കാരുണ്യ ഫാർമസി ആരംഭിക്കുമെന്നും 260 പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലാബുകൾ സജ്ജീകരിക്കുന്നതാണെന്നും 34 താലൂക്കാശുപത്രികളിൽ കാഷ്വാലിറ്റി യൂണിറ്റുകൾ തുടങ്ങുമെന്നും നിർബന്ധിത ലൈസൻസിംഗ് സംവിധാനം ശക്തിപ്പെടുത്തണമെന്നും വിലനിയന്ത്രണ പട്ടികയിൽപ്പെട്ട മരുന്നുകളുടെ ഉല്പാദനം കുറയുന്നതു സംബന്ധിച്ച് പരിശോധിക്കണമെന്നും കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

19 (*212) <u>സീ പ്ലെയിൻ പദ്ധതി</u>

പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) നൽകിയ മറുപടിയിൽ, ടൂറിസം രംഗത്ത് ഒരു നൂതന ഉത്പന്നം ലഭ്യമാക്കുന്നതിനുവേണ്ടി വിഭാവനം ചെയ്ത സീ പ്ലെയിൻ പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 02-06-2013-ന് കൊല്ലം അഷ്ടമുടിക്കായലിൽ മുഖ്യമന്ത്രി നിർവ്വഹിച്ചുവെന്ന് സഭയെ അറിയിച്ചു. കേരളത്തിന്റെ ബ്രാൻഡ് ഇമേജ് വർദ്ധിപ്പിക്കാനുതകുന്ന പ്രസ്തുത പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി രണ്ടു വർഷത്തേയ്ക്ക് സീ പ്ലെയിൻ

സർവ്വീസുകൾ സൗജന്യമാക്കാനും അതിനുശേഷം മുതൽമുടക്കിന് ആനുപാതികമായ യൂസേഴ്സ് ഫീ ഏർപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. ജലവിമാന പദ്ധതി വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിലൂടെ വരുമാന ലഭ്യതയും തൊഴിലവസരങ്ങളും ഉണ്ടാകുമെന്ന് മന്ത്രി വ്യക്തമാക്കി. മത്സ്യത്തൊഴിലാളി സംഘടനകളുടെ എതിർപ്പിനെത്തുടർന്ന് നിർത്തിവച്ച ജലവിമാന സർവ്വീസുകൾ വിദഗ്ധ സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകൾക്കനുസൃതമായി പുനരാരംഭിക്കുന്നതാണ്. കേന്ദ്രസർക്കാർ സ്ഥാപനമായ പവൻഹാൻസ് ഹെലികോപ്റ്റേഴ്സ് ലിമിറ്റഡ് തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം സീപ്ലെയിനുകളുടെ അറ്റകുറ്റപ്പണികൾ, ഇന്ധനം നിറയ്ക്കൽ മുതലായവ വിമാനത്താവളങ്ങളിൽ വച്ച് നടത്തുന്നതിനാൽ ജലമലിനീകരണം ഉണ്ടാകുകയില്ലെന്നും നിർമ്മാണ പ്രവർത്തനങ്ങൾ നടത്താത്തതിനാൽ പരിസ്ഥിതിയെ ബാധിക്കുകയില്ലെന്നും ടോയ്‌ലറ്റും ഭക്ഷണ സൗകര്യവുമില്ലാത്തതിനാൽ ജലത്തിലേയ്ക്ക് മാലിന്യങ്ങൾ പുറന്തള്ളപ്പെടുകയില്ലെന്നും മന്ത്രി വ്യക്തമാക്കി. US ആർമി കോർപ്സ് ഓഫ് എഞ്ചിനീയേഴ്സിന്റെ (USACE) പഠനത്തിലും വായു, ജലം, മണ്ണ്, ജന്തുജാലങ്ങൾ, മത്സ്യങ്ങൾ, ഹൈഡ്രോളജി എന്നിവയെ ദോഷകരമായി ബാധിക്കുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഓപ്പറേറ്റർമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ടെന്നും സ്റ്റേറ്റ് ഇന്റസ്ട്രിയൽ സെക്യൂരിറ്റിഫോഴ്സിന്റെ

വിന്യാസത്തിനും സുരക്ഷാക്രമീകരണങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും അനുബന്ധ ചെലവുകൾക്കുമായി ആകെ 11,10,42,012/- രൂപയാണ് പദ്ധതിക്കായി ചെലവായിട്ടുള്ളതെന്നും മന്ത്രി വ്യക്തമാക്കി. ജലവിമാന സർവ്വീസ് നടത്തുന്ന ഏജൻസികൾക്ക് അംഗീകാരം നൽകുന്നത് കേന്ദ്ര വ്യോമയാന മന്ത്രാലയമാണെന്നും ആദ്യഘട്ടമെന്ന നിലയിൽ കൊല്ലത്തും ആലപ്പുഴ വട്ടക്കായലിലും നടപ്പാക്കുന്ന പ്രസ്തുത പദ്ധതി വിജയകരമാകുന്ന മുറയ്ക്ക് മറ്റു സ്ഥലങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

20 (*213) <u>പീപ്പിൾസ് ഓൺ ടൂറിസം പദ്ധതി</u>

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) നൽകിയ മറുപടിയിൽ, ടൂറിസം വികസനത്തിനായി 'ഗോഡ്സ് ഓൺ കൺട്രി- പീപ്പിൾസ് ഓൺ ടൂറിസം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ടൂറിസം വികസന സാദ്ധ്യതകൾ കണ്ടെത്തി റിസോഴ്സ് മാപ്പിംഗ് വഴി അത്തരം പ്രദേശങ്ങളെ പരസ്പരബന്ധിതമായി വളർത്തിക്കൊണ്ടുവരിക, ടൂറിസം സംരംഭങ്ങളെ വികസിപ്പിക്കുക, തദ്ദേശവാസികൾക്ക് ടൂറിസം അനുബന്ധ തൊഴിൽ പരിശീലനങ്ങൾ ലഭ്യമാക്കുക, തദ്ദേശീയമായ ഉത്സവങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, പരമ്പരാഗത തൊഴിലുകൾ എന്നിവയ്ക്ക് ഊന്നൽ നൽകി

വ്യത്യസ്തവും നൂതനവുമായ ടൂർ പാക്കേജുകൾ വികസിപ്പിച്ച് ടൂറിസ്റ്റുകൾക്ക് അനുഭവവേദ്യമാക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. തെരഞ്ഞെടുത്ത 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 5 എണ്ണത്തിൽ ഒന്നാംഘട്ട പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും 2015-16 സാമ്പത്തിക വർഷം 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും 7 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽക്കൂടി പ്രസ്തുത പദ്ധതി ആരംഭിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2469 മുതൽ 2828 വരെയുള്ള ചോദ്യങ്ങളിൽ 34 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)